(സി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം സംബന്ധിച്ച് 2004-ൽ ആണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു. ഇതിന്റെ വെളിച്ചത്തിൽ പരിഷ്കരിച്ച മാനദണ്ഡങ്ങളുടെ കരട് തയ്യാറാക്കുന്ന ജോലി ആരംഭിച്ചിട്ടുണ്ട്. നയപരമായ തീരുമാനമെടുക്കേണ്ട വിഷയമായതിനാൽ വിശദമായ പരിശോധനയും സർവ്വീസ് സംഘടനകളുമായുള്ള ചർച്ചകളും ആവശ്യമാണ്.

തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ

83 (87) ശ്രീ. കെ. ദാസൻ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1-5-2015-ാം തീയതിവരെ സെക്രട്ടേറിയറ്റിൽ തീർപ്പാകാതെ എത്ര ഫയലുകളുണ്ടെന്ന് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾ തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

സെക്രട്ടേറിയറ്റിൽ 1-5-2015-ാം തീയതിവരെ 1,22,668 ഫയലുകൾ തീർപ്പാകാതെയുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം

84 (88) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നുമുതലാണ് ;

(ബി) ടി ലിസ്റ്റിൽനിന്നും നിയമനം നടത്തി തുടങ്ങിയത് എപ്പോൾ മുതൽ എന്ന് വ്യക്തമാക്കുമോ :

(സി) ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്ക് നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന ഉദ്യോഗാർത്ഥികളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ അനുകൂല നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly